**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ പദ്ധതികളും കോപ് മാർട്ടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇടത്തരം, ചെറുകിട, സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി ഈ രംഗത്ത് സഹകരണ മേഖല നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) | ഇടത്തരം ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്കായി വിവിധ തരത്തിലുള്ള വായ്പ പദ്ധതികൾ കേരള ബാങ്ക് മുഖേന അനുവദിക്കുന്നുണ്ട്.<br><br>കെ.ബി.മിത്ര - പരമാവധി 60.00 ലക്ഷം രൂപ വരെ വ്യക്തികൾക്കും 1.00 കോടി രൂപ വരെ കമ്പനികൾക്കും 84 മാസ കാലയളവിൽ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്.<br><br>1. കെ.ബി. സുവിധ:- പരമാവധി 20.00 ലക്ഷം രൂപ വരെ വ്യക്തികൾക്ക് 10% പലിശ നിരക്കിൽ 10 വർഷ കാലയളവിൽ അനുവദിക്കുന്നു.<br>2. കെ.ബി. യുവമിത്ര:- 35 വയസ്സിൽ താഴെയുള്ള വ്യക്തികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 60.00 ലക്ഷം രൂപ വരെ 8.75%പലിശ നിരക്കിൽ അനുവദിക്കുന്നു.<br>3. കെ.ബി. ഏടം മിത്ര:- പരമാവധി 60.00 ലക്ഷം രൂപ വരെ വ്യക്തികൾക്കും 1.00 കോടി രൂപ വരെ കമ്പനികൾക്കും 84 മാസകാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.<br>4. കെ.ബി സുവിധ പ്ലസ്:- ലഘു ജാമ്യ വ്യവസ്ഥയിൽ പരമാവധി 5.00 ലക്ഷം രൂപ വരെ 60 മാസ കാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.<br>5. കെ.ബി പ്രവാസി കിരൺ:- നോർക്കാ റൂട്ട്സുമായി സഹകരിച്ചുകൊണ്ട് മടങ്ങിയെത്തിയ പ്രവാസികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 24.00 ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ആദ്യ നാലുവർഷം പലിശയിനത്തിൽ 3% സബ്സിഡിക്കും പരമാവധി മൂന്നു ലക്ഷം രൂപ വരെ ക്യാപിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്.<br>6. കെ.ബി. പ്രവാസി ഭദ്രത:- പ്രവാസികളുടെ പുനരുജ്ജീവനത്തിന് ആയി ലഘു ജാമ്യ വ്യവസ്ഥയിൽ പരമാവധി 5.00 ലക്ഷം രൂപ വരെ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നു. ആദ്യ നാലുവർഷം പലിശയിനത്തിൽ 3% സബ്സിഡിയ്ക്കും പരമാവധി ഒരു ലക്ഷം രൂപ വരെ ക്യാപ്പിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്.<br><br>സർക്കാരിന്റെ ഒരു ലക്ഷം MSME പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കെ.ബി. സ്മാർട്ട് വായ്പാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സേവന / വ്യാപാര മേഖലയിൽ പരമാവധി 10.00 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്കും ഉല്പാദക മേഖലയിൽ പരമാവധി 25.00 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്കും വായ്പ അനുവദിക്കുന്നുണ്ട്. |
| (ബി) | കാർഷികോല്പാദനത്തിലും മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിലും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്<br><br>കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിൻതുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിന് ആയി 2022-23 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ്. "സാങ്കേതിക വിദ്യാഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി". ഏഴ് ഉപപദ്ധതികളുള്ള ടി സമഗ്ര പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ വരെ സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതിന് ആണ് ലക്ഷ്യമിടുന്നത്. 2022-23 -ൽ ടി പദ്ധതി 7 ജില്ലകളിൽ പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന കാർഷിക വിളകളുടെ |

സംഭരണം, സംസ്കരണം, വിനിമയം, വിപണനം എന്നിവ മെച്ചപ്പെടുത്തി സാധാരണ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് നബാർഡ് സഹായത്തോടെ 4% പലിശ നിരക്കിൽ 3% സബ്സിഡി ലഭിക്കുന്ന PACS As MSE എന്ന പദ്ധതി കേരള സംസ്ഥാന സഹകരണ ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. സംഘങ്ങളിൽ അംഗമായിരിക്കുന്ന കർഷകർക്ക് ഉല്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ആധുനികവും ശാസ്ത്രീയവുമായ സൗകര്യങ്ങൾ നല്കുക, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം മുതലായവയാണ് പദ്ധതിയുടെ ഉദ്ദേശം. കൂടാതെ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള കാർഷിക ഉല്പാദക സംഘടനകൾക്ക് (FPO) നബാർഡിന്റെ പുനർവായ്പ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിച്ചു നല്കുന്നു. കർഷക ഉല്പാദക സംഘടനകളിലൂടെ സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യവർദ്ധിത ഉല്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ എന്നിവയാണ് ലക്ഷ്യം വയ്ക്കുന്നത്.

കർഷകരിൽ നിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച്, കാർഷിക ഉല്പന്നങ്ങൾ വിപണനം നടത്തുക. ആയതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ അരി മിൽ സ്ഥാപിക്കുക, എല്ലാത്തരം കാർഷിക ഉല്പന്നങ്ങളും വാങ്ങി സംഭരിച്ചും സംസ്കരിച്ചും അല്ലാതെയും വിപണനം നടത്തുക ഭക്ഷണയുക്തമായ കാർഷിക ഉല്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം ടിൻഫുഡുകൾ ആയുള്ള ഭക്ഷണ പാക്കറ്റുകൾ ആയും അല്ലാതെയും വിപണനം നടത്തുക, ഭക്ഷണ യുക്തമല്ലാത്ത കാർഷിക ഉല്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം വ്യവസായ ഉല്പന്നങ്ങൾ നിർമ്മിച്ചും അല്ലാതെയും വിപണനം നടത്തുക, തുടങ്ങിയ ലക്ഷ്യത്തോടെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്വയർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപതം നമ്പർ പി.1449 (PAPCOS) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും മേൽ പ്രകാരമുള്ള അതേ ഉദ്ദേശ ലക്ഷ്യങ്ങളോടെ പാലക്കാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായി കൊണ്ട് കേരള പാഡി പ്രോക്യുർമെന്റ് പ്രോസസിംഗ് &

| | | | |
|---|---|---|---|
| | | | മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | ഉല്പാദന, നിർമ്മാണ പ്രവർത്തനങ്ങളിൽ സുസ്ഥിരത കൈവരിക്കുന്നതിന് വിപണന രംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പിക്കാൻ കോപ് മാർട്ട് എന്ന പേരിൽ ബ്രാൻഡിംഗിന് ഉദ്ദേശിക്കുന്നുണ്ടോ; ഓൺലൈൻ വിപണനത്തിന്റെ സാധ്യത പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | സഹകരണ സംഘങ്ങളുടെ ഉല്പാദന നിർമ്മാണ പ്രവർത്തനങ്ങളിൽ സുസ്ഥിരത കൈവരിക്കുന്നതിനും വിപണന രംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനുമായി സഹകരണ മേഖലയിൽ "ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനു കീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കാടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവടുവെയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>സുരക്ഷിത ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടെ സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉല്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോപ്പ്മാർട്ടുകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്.<br><br>സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിലേക്ക് coopkerala എന്ന ട്രേഡ് മാർക്ക് രൂപകല്പന ചെയ്തിട്ടുണ്ട്. അതിനു 1999 ലെ ട്രേഡ് മാർക്ക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമാണ്. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളുടെ ഗുണനിലവാരാത്തിന്റെ അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നല്കിവരുകയാണ്.<br><br>പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആന്റ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ (E-selling mobile application & Web application software) തയ്യാറാക്കുന്നതിനുള്ള നടപടി വളരെ പുരോഗതിയിലാണ്. ആദ്യഘട്ടം |

| | | | |
|---|---|---|---|
| | | | ഔട്ട്-ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്-സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയുംവിധമുള്ള സോഫ്റ്റ് വെയർ ആണ് നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ് വെയർ പ്രാബല്യത്തിൽ കൊണ്ട് വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ